# ഭാവുകത്വ പരിണാമം മലയാള സാഹിത്യത്തിലും സിനിമയിലും - എം.ടി. വാസുദേവൻനായരുടെ സൃഷ്ടികളെ ആസ്പദമാക്കി ഒരു പഠനം

*FINAL REPORT OF THE RESEARCH PROJECT SUBMITTED TO THE UNIVERSITY GRANTS COMMISSION MRP*

**DR. ANNIE THOMAS**
**ASST. PROFESSOR IN MALAYALAM**
**NIRMALA COLLEGE**
**MUVATTUPUZHA**
**KERALA - 686661**

# ഉള്ളടക്കം


| | | പുറം |
|---|---|---|
| | ആമുഖം | i - v |
| അധ്യായം : ഒന്ന് | സിനിമയും ഭാവുകത്വ നിർമ്മിതിയും | 1 - 40 |
| അധ്യായം : രണ്ട് | മലയാള നോവൽ സാഹിത്യത്തിലെ ഭാവുകത്വ ഘടകങ്ങൾ - ചരിത്രവും വർത്തമാനവും | 41 - 60 |
| അധ്യായം : മൂന്ന് | ഭാവുകത്വ പരിണാമം മലയാള സാഹിത്യത്തിൽ (എം.ടി. വാസുദേവൻ നായരുടെ സാഹിത്യ സൃഷ്ടികളെ ആസ്പദമാക്കി ഒരു പ്രത്യേക പഠനം) | 61 - 85 |
| അധ്യായം : നാല് | ഭാവുകത്വപരിണാമം മലയാളസിനിമയിൽ (എം.ടി. വാസുദേവൻ നായരുടെ സിനിമകളെ ആസ്പദമാക്കി ഒരു പ്രത്യേക പഠനം) | 86 - 119 |
| അധ്യായം : അഞ്ച് | ഉപസംഹാരം | 120 - 127 |
| | ഗ്രന്ഥസൂചി | 128 - 136 |

# ആമുഖം

സാഹിത്യം സമൂഹജീവിതത്തിന്റെ പ്രതിഫലനമാണ്. സാധാരണക്കാരന്റെ ഹൃദയത്തെ ആകർഷിച്ച കലാരൂപവും മറ്റൊന്നായിരുന്നില്ല. കേരളത്തിൽ 19-ാം നൂറ്റാണ്ടിന്റെ രണ്ടാം പകുതിയിലും നവോത്ഥാന കാലഘട്ടത്തിലും സാഹിത്യം പലവിധ പരിവർത്തനങ്ങൾ ഏറ്റുവാങ്ങി. ഈ പരിണാമത്തെ സാഹിത്യത്തിലേക്ക് അടർത്തിയെടുക്കാനായത് സാമൂഹ്യജീവിതത്തിൽ വന്ന മാറ്റങ്ങൾ മൂലമാണ്. ഈ മാറ്റം സാഹിത്യകാരനിലും സഹൃദയനിലും ഭാവുകത്വപരമായ ഒരു പുത്തൻ അഭിരുചി സൃഷ്ടിക്കാൻ സാധിച്ചു. ആധുനിക സാഹിത്യരൂപമായ നോവലിനൊപ്പം തന്നെ 'സിനിമ' എന്ന ദൃശ്യകലാരൂപവും ജന്മമെടുത്തു. നിശ്ചലചിത്രത്തിൽ നിന്നു തുടങ്ങിയ ആ ലോകം പിന്നീട് പൗരാണികവും വീരകഥാപ്രധാനവും സാമൂഹികവുമായ വ്യത്യസ്ത വിഷയങ്ങൾ പ്രമേയമായി സ്വീകരിച്ചു.

1930 കളാവുമ്പോഴേക്കും സാഹിത്യത്തിൽ യാഥാർത്ഥ്യബോധത്തിലധിഷ്ഠിതമായ (Realist) കൃതികൾ സംജാതമായി. ജീവിതത്തെ അതിന്റെ പച്ചയായ ഭൂമിയിലേക്ക് മേയാൻ എഴുത്തുകാർ അനുവദിച്ചു. വിശപ്പിന്റെ തീഷ്ണതയും ദൈന്യതയും മോഷണവും ലൈംഗിക അരാജകത്വവും സ്നേഹവും സ്നേഹശൂന്യതയും എന്നു വേണ്ട ക്രൂരവും പൈശാചികവും

പരുക്കനുമായ വശങ്ങളെ ജീവിതത്തിൽ നിന്നും അടർത്തിയെടുക്കാൻ ഈ കാലഘട്ടത്തിലെ പ്രമുഖ എഴുത്തുകാർക്കു കഴിഞ്ഞു.

1940 കൾ ആകുമ്പോഴേക്കും ജീവിതത്തിലും സാഹിത്യത്തിലും എന്നു വേണ്ട എല്ലാ തുറകളിലും മലയാളത്തിൽ വീണ്ടും ഭാവുകത്വ പരിണാമം സംജാതമാവുകയാണ്. മനുഷ്യൻ അവനിലേക്കു തന്നെ ആഴ്ന്നിറങ്ങുന്ന ചിത്രം. ഒരു പുത്തൻ തലമുറ, ചിന്താധാര ഇതെല്ലാം ഈ കാലഘട്ടത്തിൽ സമൂഹത്തിൽ സംജാതമായി. ഈ സാമൂഹികാന്തരീക്ഷത്തിലാണ് എം.ടി. വാസുദേവൻനായർ തന്റെ സാഹിത്യ പ്രപഞ്ചവുമായി മലയാളത്തിലേക്ക് കടന്നു വരുന്നത്. മലബാറിന്റെ പശ്ചാത്തലത്തിൽ നിളാനദിയുടെ ഗന്ധവും സ്പർശവും കുളിരും അനുഭവിച്ച് കഥകളും നോവലുകളും എഴുതിയപ്പോൾ മലയാളത്തിന് ഒരു പുത്തൻ ഭാവുകത്വം അദ്ദേഹം പകർന്നു നൽകി. ആ കഥകളിലേയും നോവലിലേയും ജീവിതത്തിനും കഥാപാത്രങ്ങൾക്കും അതിന്റേതായ സാമ്യവ്യത്യാസങ്ങൾ ഒരുപാടുണ്ടായിരുന്നു.

ജീവിതത്തിലെന്നും ഏകരായിരിക്കാൻ വിധിക്കപ്പെട്ടവരും ജീവിതത്തിലെ വെല്ലുവിളികളിൽ പാതിവഴിയിൽ ജീവിതത്തിൽ നിന്ന് ഒളിച്ചോടിപ്പോന്നവും ജീവിതത്തോട് പൊരുതുന്നവരും എല്ലാവരുടെയും വെറുപ്പിന് അറിയാതെ പാത്രമാകുന്നവരും സ്നേഹിക്കുവാനും സ്നേഹിക്കപ്പെടുവാനും അതിനുവേണ്ടി ഏതു ത്യാഗവും സമർപ്പണവും ചെയ്യാൻ ഒരുക്കമുള്ളവരുമായ ഒരു പറ്റം കഥാപാത്രങ്ങളെ ആ സാഹിത്യഭൂമിയിൽ നമുക്ക്

കാണാം. അതോടൊപ്പം മനുഷ്യബന്ധങ്ങളെ പൊതിഞ്ഞ് നിൽക്കുന്ന പ്രകൃതിയുടെ സാന്നിദ്ധ്യം ആ സാഹിത്യത്തിലെയും സിനിമയിലെയും നിത്യവിസ്മയമാണ്. വ്യക്തവും വിശദവുമായ ഒരു തിരക്കഥാ സങ്കൽപം മികവുറ്റ പാത്രസൃഷ്ടിയിലും ചിത്രത്തിന്റെ ഏകാഗ്രത ദീക്ഷിക്കുന്നതിലും സംവിധായകനെ തുണയ്ക്കുന്നു. ജനങ്ങൾ എം.ടി.യുടെ കഥകളെ ഇരു കൈയും നീട്ടി സ്വീകരിച്ചു. ജീവിതത്തെപ്പറ്റിയുള്ള തന്റെ പുത്തൻകാഴ്ച്ചപ്പാട് തലമുറകളിലേക്കെത്തിക്കുന്നതിൽ ശ്രീ.എം.ടി. വാസുദേവൻ നായർ വിജയിച്ചു. അദ്ദേഹത്തിന്റെ പ്രമേയങ്ങൾ എപ്രകാരമാണ് സാഹിത്യത്തിലും സിനിമയിലും ഭാവുകത്വപരമായ വ്യതിയാനങ്ങൾ സൃഷ്ടിച്ചത് എന്ന അന്വേഷണമാണ് ഈ പ്രബന്ധത്തിന്റെ മുഖ്യ ഉദ്ദേശ്യം.

പ്രധാനമായും അഞ്ച് അധ്യായങ്ങളിലായാണ് ഈ പ്രബന്ധം രൂപകല്പന ചെയ്തിരിക്കുന്നത്.

സിനിമയെന്ന കലാമാധ്യമത്തെയും അതിന്റെ സവിഷശേഷമായ ലക്ഷ്യത്തെയും മനുഷ്യജീവിതവും കലയും തമ്മിലുള്ള ശക്തമായ ബന്ധത്തെയും പറ്റി പഠനം നടത്തി. സാങ്കേതിക വിദ്യയുടെ പിൻബലത്തോടെ ആവിഷ്ക്കരിക്കപ്പെടുന്ന സിനിമ മനുഷ്യന്റെ ഭാവുകത്വത്തെ എപ്രകാരം രൂപപ്പെടുത്തുന്നു എന്ന അന്വേഷണമാണ് 'സിനിമയും ഭാവുകത്വ നിർമ്മിതിയും' എന്ന ഒന്നാമധ്യായം.

സാഹിത്യചരിത്രം പരിശോധിക്കുമ്പോൾ ഓരോ കാലഘട്ടത്തിലും മനുഷ്യന്റെ ഭാവന കടന്നു വന്ന മാർഗ്ഗവും അതിനുള്ള കാരണവും വ്യക്തമാണ്. ചരിത്രത്തിന്റെ ഇന്നലെകളിലൂടെ മലയാള നോവൽ സാഹിത്യത്തെ സമഗ്രമായി പഠിക്കുമ്പോൾ ഭാവുകത്വത്തിന്റെ ഭിന്നഘടകങ്ങൾ നമുക്ക് കണ്ടെത്താം. 'മലയാള നോവൽ സാഹിത്യത്തിലെ ഭാവുകത്വഘടകങ്ങൾ - ചരിത്രവും വർത്തമാനവും' എന്ന രണ്ടാമധ്യായം ഇത്തരമൊരു അന്വേഷണത്തിനാണ് പ്രാധാന്യം നൽകിയിരിക്കുന്നത്.

എം.ടി.യുടെ സാഹിത്യ കൃതികൾ മലയാള സാഹിത്യത്തിൽ പുത്തൻ വഴിത്തിരിവിനു കാരണമായി. ഇത് എപ്രകാരമായിരുന്നു എന്നുള്ള പ്രത്യേക പഠനമാണ് 'ഭാവുകത്വ പരിണാമം മലയാളസാഹിത്യത്തിൽ - എം.ടി. വാസുദേവൻ നായരുടെ സാഹിത്യ സൃഷ്ടികളെ ആസ്പദമാക്കി ഒരു പ്രത്യേക പഠനം' എന്ന മൂന്നാമധ്യായം.

ഊഷരമായിരുന്ന മലയാള സിനിമാ ലോകത്തിന് പുത്തൻ അനുഭവമായിരുന്നു എം.ടി.യുടെ 'മുറപ്പെണ്ണ്' എന്ന സിനിമ. മലയാള സിനിമയിൽ വന്ന പരിണാമത്തിനെ വിശദമായി പ്രതിപാദിക്കുന്ന അധ്യായമാണ് 'ഭാവുകത്വ പരിണാമം മലയാള സിനിമയിൽ - എം.ടി. വാസുദേവൻനായരുടെ സിനിമകളെ ആസ്പദമാക്കി ഒരു പ്രത്യേക പഠനം' എന്ന നാലാം അദ്ധ്യായം.

'ഉപസംഹാരം' എന്ന അഞ്ചാം അധ്യായത്തിൽ സവിശേഷ പഠനത്തിലൂടെ എത്തിച്ചേർന്ന നിഗമനങ്ങളും കണ്ടെത്തലുകളും സമാഹരിച്ചിരിക്കുന്നു.

പഠനത്തിനു വേണ്ട എല്ലാ സഹായങ്ങളും ചെയ്തു തന്ന മൂവാറ്റുപുഴ നിർമ്മലാ കോളേജ് പ്രിൻസിപ്പലിനും കോളേജ് ലൈബ്രേറിയൻ ശ്രീ. വാസുദേവൻ നമ്പൂതിരി സാറിനെയും മറ്റംഗങ്ങളെയും നന്ദിയോടെ സ്മരിക്കുന്നു.

ഡോ. ആനി തോമസ്